(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉണ്ണിക്കുളം-ശിവപുരം ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖലയിലെ തകരാറുകൾ പരിഹരിക്കുന്നതിന് റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം 24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ വിശദമായ റിപ്പോർട്ടും അടങ്കലും തയ്യാറാക്കി വരുന്നു.

(സി) കൊടുവള്ളി-കിഴക്കോത്ത് മടവൂർ സമഗ്രശുദ്ധജലവിതരണ പദ്ധതിയിൽപ്പെടുന്ന കിഴക്കോത്ത് മടവൂർ ഭാഗങ്ങളിൽ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിന് പുരൂർപുഴയിൽ നിലവിലുള്ള കിണർ ഉപയോഗപ്പെടുത്തി പുതിയ പമ്പിംഗ് മെയിൻ വഴി ചെറുമല ടാങ്കിൽ ശുദ്ധജലം എത്തിച്ച് വിതരണം നടത്തുന്നതിന് ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം കിണറിന്റെ പുനരുദ്ധാരണ പ്രവർത്തികളും പമ്പ് ഹൗസിന്റെ നിർമ്മാണവും പൂർത്തിയായി പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള പണികൾ പൈപ്പ് ലഭ്യമാകുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്.

(ഡി) വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

41 (1193) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മേയ് മാസം മുതൽ നാളിതുവരെ എത്ര തൊഴിൽ തർക്കങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) എല്ലാ തൊഴിൽ തർക്കങ്ങളും സമയബന്ധിതമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ജീവനക്കാരുടേയും തൊഴിലാളികളുടേയും സേവനവേതന പ്രശ്നങ്ങൾ മുൻനിർത്തി രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ തർക്കങ്ങൾ എത്ര ; ഇവയെല്ലാം പരിഹരിക്കപ്പെടുമോ ;

(സി) മറ്റു വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി രജിസ്റ്റർ ചെയ്യപ്പെട്ടവ എത്രയാണ് ; ഇവയെല്ലാം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) 1996 മേയ് മാസം മുതൽ 2000 സെപ്റ്റംബർ വരെ സംസ്ഥാനത്ത് 23.038 തൊഴിൽ തർക്കങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2000 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ തൊഴിൽ തർക്കങ്ങളുണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജനോദ്യോഗസ്ഥന്മാർ ഉണ്ട്. ഇവർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കാറുമുണ്ട്. പരിഹരിക്കപ്പെടാൻ പറ്റാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടേയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റേയോ തീർപ്പിന് വിടാറുണ്ട്. ഇതിന് പുറമേ സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി തോട്ടം വ്യവസായം, ടെക്സ്റ്റൽസ്, കയർ വ്യവസായം, ബീഡി സിഗാർ, കള്ള് ചെത്ത്, കക്കാട് ജലവൈദ്യുത പദ്ധതി, കായംകുളം തെർമൽ പവർ, കുട്ടനാട് പാലക്കാട് കാർഷിക മേഖലകൾ, മദ്യവ്യവസായം, ഓട് വ്യവസായം, മോട്ടോർ, ലോറി വ്യവസായങ്ങൾ, നിർമ്മാണതൊഴിലാളി, ടിംബർ, പ്ലൈവുഡ് പൊതുവിതരണം തുടങ്ങിയ മേഖലകളിൽ തൊഴിലാളി മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധസമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

പുതുതായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ നടപടി

42 (1194) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിലാളി വിഭാഗങ്ങൾക്ക് ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടാതെ പുതുതായി ഏതെല്ലാം തൊഴിലാളി വിഭാഗങ്ങൾക്കാണ് ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകൾ എന്നത്തേക്ക് രൂപീകരിക്കും ;

(ഡി) ഇപ്പോൾ നിലവിലുള്ള ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിലും എന്തു തുകയുടെ ഫണ്ടുകൾ വീതം മിച്ചമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഫണ്ടുകൾ സർക്കാർ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി, 28-1-2001-ൽ ഓർഡിനൻസായി വിളംബരപ്പെടുത്തി. കൂടാതെ അലക്ക്, ബാർബർ തൊഴിലാളികൾക്കും കടകളിലും വാണിജ്യസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†.

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 41(1193)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

തൊഴിൽ തർക്കങ്ങൾ

2000 ജനുവരി മുതൽ 2000 സെപ്റ്റംബർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ തർക്കങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

	ജില്ല		
1.	തിരുവനന്തപുരം	-	140
2.	കൊല്ലം	-	207
3.	പത്തനംതിട്ട	-	145
4.	ആലപ്പുഴ	-	284
5.	കോട്ടയം	-	207
6.	ഇടുക്കി	-	362
7.	എറണാകുളം	-	386
8.	തൃശ്ശൂർ	-	351
9.	പാലക്കാട്	-	397
10.	മലപ്പുറം	-	118
11.	കോഴിക്കോട്	-	286
12.	വയനാട്	-	137
13.	കണ്ണൂർ	-	247
14.	കാസർഗോഡ്	-	77
			3344

LIBRARY ARCHIVES Kerala Legislative Assembly